"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി - കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ ഒരു മോഡൽ ഡിജിറ്റൽ കുടുംബകോടതി തസ്തികയടക്കം സൃഷ്ടിച്ചു കൊണ്ട് സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ്**

സ.ഉ.(കൈ) നം.7/2025/HOME തീയതി,തിരുവനന്തപുരം, 09-01-2025

---

പരാമർശം:- ഹൈക്കോടതി രജിസ്ട്രാറുടെ (ജില്ലാ ജുഡീഷ്യറി) 23.07 2024, 09.09.2024 എന്നീ തീയതികളിലെ D7(B)-61656/2017/DII-3/DII-4 നമ്പർ കത്തുകൾ .

**ഉത്തരവ്**

പുതുതായി 6 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും, 3 തസ്തികകൾ മറ്റ് കോടതികളിൽ നിന്നും ചുവടെ ചേർക്കും പ്രകാരം പുനർവിന്യസിച്ച് കൊണ്ടും, ശാസ്താംകോട്ട, മൈനാഗപ്പള്ളി, ശൂരനാട് തെക്ക്, ശൂരനാട് വടക്ക്, പോരുവഴി, കുന്നത്തൂർ, വെസ്റ്റ് കല്ലട, പുത്തൂർ, പവിത്രേശ്വരം, കിഴക്കേ കല്ലട, മൺറോത്തുരുത്ത്, എന്നീ പതിനൊന്ന് വില്ലേജുകളെ പ്രാദേശിക അധികാരപരിധിയിൽ ഉൾപ്പെടുത്തി കൊണ്ടും കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ ഒരു മോഡൽ ഡിജിറ്റൽ കുടുംബകോടതി സ്ഥാപിക്കുന്നതിനായി പരാമർശിത കത്ത് പ്രകാരം ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) ശിപാർശ സമർപ്പിക്കുകയുണ്ടായി.

| ക്രമ നം. | പുതുതായി സൃഷ്ടിക്കേണ്ട തസ്തികകൾ | മറ്റ് കോടതികളിൽ നിന്നും പുനർവിന്യസിക്കുന്ന തസ്തികകൾ |
|---|---|---|
| 1 | ജില്ലാ ജഡ്ജ് - 1 | സീനിയർ ക്ലാർക്ക്- 1<br>(കൊല്ലം ജില്ലാ കോടതിയിൽ നിന്നും) |
| 2 | ബഞ്ച് ക്ലാർക്ക് ഗ്രേഡ്-I - 1 | |
| 3 | ജൂനിയർ സൂപ്രണ്ട്- 1<br>(CMO-യുടെ സേവനം ലഭ്യമാക്കുന്നതിന്) | ക്ലാർക്ക്- 1<br>(കൊല്ലം കുടുംബ കോടതിയിൽ നിന്നും) |
| 4 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II - 1 | |
| 5 | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ്- 1 | ഓഫീസ് അറ്റൻഡന്റ്- 1<br>(കൊല്ലം ജില്ലാ കോടതിയിൽ നിന്നും) |
| 6 | പാർട്ട് ടൈം സ്വീപ്പർ- 1 | |
| | **ആകെ - 6** | **ആകെ - 3** |

2) ഹൈക്കോടതി രജിസ്ട്രാറുടെ (ജില്ലാ ജുഡീഷ്യറി) ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുതുതായി 3 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും, 3 തസ്തികകൾ മറ്റ് കോടതികളിൽ നിന്നും പുനർവിന്യസിച്ച് കൊണ്ടും ചുവടെ ചേർക്കുന്ന സ്റ്റാഫ് പാറ്റേണോടുകൂടി കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ ഒരു മോഡൽ ഡിജിറ്റൽ കുടുംബകോടതി സ്ഥാപിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പുതുതായി സൃഷ്ടിക്കുന്ന തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം |
|---|---|---|
| 1 | ജില്ലാ ജഡ്ജ് | 1 |
| 2 | ബഞ്ച് ക്ലാർക്ക് -ഗ്രേഡ്- I | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| | **ആകെ** | 3 |

| ക്രമ നം | മറ്റ് കോടതികളിൽ നിന്നും പുനർവിന്യസിക്കുന്ന തസ്തികകൾ | തസ്തികകളുടെ എണ്ണം | തസ്തികകളുടെ പുനർവിന്യാസത്തിന് വിധേയമാകുന്ന കോടതികൾ |
|---|---|---|---|
| 1 | സീനിയർ ക്ലാർക്ക് | 1 | കൊല്ലം ജില്ലാ കോടതി |
| 2 | ക്ലാർക്ക് | 1 | കൊല്ലം കുടുംബ കോടതി |
| 3 | ഓഫീസ് അറ്റൻഡന്റ് | 1 | കൊല്ലം ജില്ലാ കോടതി |
| | **ആകെ** | 3 | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്-

രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി),കേരള ഹൈക്കോടതി, എറണാകുളം.

(ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്),കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (EXP-D2/207/2024-FIN തീയതി 11.11.2024 പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് **(ഇനം.നം. 2602 തീയതി 08/01/2025)**

വെബ്ബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി (ഗവ.വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sreekumar. S
Date: 10-01-2025 10:15:45

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-01-2025

ഫയൽ നം. സി1/118/2024/ആഭ്യന്തരം. ഇനം നം: 2602

വിഷയം : ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി - പുതുതായി തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും തസ്തികകൾ പുനർവിന്യസിച്ചുകൊണ്ടും കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ ഒരു മാതൃകാ ഡിജിറ്റൽ കുടുംബകോടതി സ്ഥാപിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

2602

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി1/118/2024/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്- ജുഡീഷ്യറി - പുതുതായി തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും തസ്തികകൾ പുനർവിന്യസിച്ചുകൊണ്ടും കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ ഒരു മാതൃകാ ഡിജിറ്റൽ കുടുംബകോടതി സ്ഥാപിക്കുന്നത് -സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21/11/2024 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. നവീൻ കൃഷ്ണൻ ജി.ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29/11/2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 31/12/2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 31/12/2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 03/01/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പുതുതായി 6 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും, 3 തസ്തികകൾ മറ്റ് കോടതികളിൽ നിന്നും പുനർവിന്യസിച്ച് കൊണ്ടും കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ ഒരു മോഡൽ ഡിജിറ്റൽ കുടുംബകോടതി സ്ഥാപിയ്ക്കുന്നതിനായി ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) ലഭ്യമാക്കിയ പ്രൊപ്പോസലാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2) പുതുതായി 6 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും, 3 തസ്തികകൾ മറ്റ് കോടതികളിൽ നിന്നും പുനർവിന്യസിച്ച് കൊണ്ടും, ശാസ്താംകോട്ട, മൈനാഗപ്പള്ളി, ശൂരനാട് തെക്ക്, ശൂരനാട് വടക്ക്, പോരുവഴി, കുന്നത്തൂർ, വെസ്റ്റ് കല്ലട, പുത്തൂർ, പവിത്രേശ്വരം, കിഴക്കേ കല്ലട & മൺറോത്തുരുത്ത്, എന്നീ പതിനൊന്ന് വില്ലേജുകളെ പ്രാദേശിക അധികാരപരിധിയിൽ ഉൾപ്പെടുത്തി കൊണ്ടും കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ ഒരു മോഡൽ ഡിജിറ്റൽ കുടുംബകോടതി സ്ഥാപിയ്ക്കുന്നതിനായി ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) ശിപാർശ സമർപ്പിച്ചിരുന്നു. നിർദ്ദിഷ്ട കോടതിയുടെ പ്രവർത്തനം സുഗമമാക്കുന്നതിലേയ്ക്കായി ചുവടെ ചേർക്കും പ്രകാരം 6 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും മറ്റ് കോടതികളിൽ നിന്നും 3 തസ്തികകൾ പുനർവിന്യസിക്കുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. കോടതി സ്ഥാപിയ്ക്കുമ്പോൾ ഉണ്ടായേക്കാവുന്ന വാർഷിക സാമ്പത്തിക ബാധ്യത ഏകദേശം 74,57,000/-രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ട്.

| ക്രമ നം. | പുതുതായി സൃഷ്ടിക്കേണ്ട തസ്തികകൾ | മറ്റ് കോടതികളിൽ നിന്നും പുനർവിന്യസിക്കുന്ന തസ്തികകൾ |
|---|---|---|
| 1 | ജില്ലാ ജഡ്ജ് – 1 | സീനിയർ ക്ലാർക്ക്- 1<br>(കൊല്ലം ജില്ലാ കോടതിയിൽ നിന്നും) |
| 2 | ബഞ്ച് ക്ലാർക്ക് ഗ്രേഡ്-I – 1 | |
| 3 | ജൂനിയർ സൂപ്രണ്ട്- 1<br>(CMO-യുടെ സേവനം ലഭ്യമാക്കുന്നതിന്) | ക്ലാർക്ക്- 1<br>(കൊല്ലം കുടുംബ കോടതിയിൽ നിന്നും) |
| 4 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II –1 | |

| | | |
|---|---|---|
| 5 | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ്- 1 | ഓഫീസ് അറ്റൻഡന്റ്- 1<br>(കൊല്ലം ജില്ലാ കോടതിയിൽ നിന്നും) |
| 6 | പാർട്ട് ടൈം സ്വീപ്പർ- 1 | |
| | **ആകെ - 6** | **ആകെ - 3** |

3) തുടർന്ന് ഫയൽ ധനകാര്യ വകുപ്പിന് അയച്ചപ്പോൾ, ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു;

*" ശാസ്താംകോട്ടയിൽ മോഡൽ ഡിജിറ്റൽ കുടുംബകോടതി സ്ഥാപിയ്ക്കുന്നതിന് ധനവകുപ്പ് അനുമതി നൽകുന്നു. കൂടാതെ ജില്ലാ ജഡ്ജ്, ബെഞ്ച് ക്ലാർക്ക്-ഗ്രേഡ്-1, ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികകൾ പുതിയതായി സൃഷ്ടിയ്ക്കുന്നതിനും ധനവകുപ്പ് അനുമതി നല്കുന്നു. Senior Clerk, Clerk, Office Attendant എന്നീ 3 തസ്തികകൾ മറ്റു കോടതികളിൽ നിന്നും പുനർവിന്യസിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.*

*ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്"*

4) ഫയൽ ചംക്രമണം ചെയ്തപ്പോൾ, പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## <u>തീരുമാനിക്കേണ്ട വിഷയം</u>

പുതുതായി 3 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും, 3 തസ്തികകൾ മറ്റ് കോടതികളിൽ നിന്നും പുനർവിന്യസിച്ച് കൊണ്ടും ചുവടെ ചേർക്കുന്ന സ്റ്റാഫ് പാറ്റേണോടുകൂടി കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ ഒരു മോഡൽ ഡിജിറ്റൽ കുടുംബകോടതി സ്ഥാപിയ്ക്കുന്നതിന് അനുമതി നൽകാമോ?

| ക്രമ നം. | പുതുതായി സൃഷ്ടിക്കേണ്ട തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം |
|---|---|---|
| 1 | ജില്ലാ ജഡ്ജ് | 1 |
| 2 | ബഞ്ച് ക്ലാർക്ക് -ഗ്രേഡ്- I | 1 |

| | | |
|---|---|---|
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| | **ആകെ** | **3** |

| **ക്രമ നം.** | **മറ്റ് കോടതികളിൽ നിന്നും പുനർവിന്യസിക്കുന്ന തസ്തികകൾ** | **തസ്തികകളുടെ എണ്ണം** | **തസ്തികകളുടെ പുനർവിന്യാസത്തിന് വിധേയമാകുന്ന കോടതികൾ** |
|---|---|---|---|
| 1 | സീനിയർ ക്ലാർക്ക് | 1 | കൊല്ലം ജില്ലാ കോടതി |
| 2 | ക്ലാർക്ക് | 1 | കൊല്ലം കുടുംബ കോടതി |
| 3 | ഓഫീസ് അറ്റൻഡന്റ് | 1 | കൊല്ലം ജില്ലാ കോടതി |
| | **ആകെ** | **3** | |